# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1475

03.12.2018 -ൽ മറുപടിക്ക്

## പരശ്ശുവയ്ക്കൽ വില്ലേജാഫീസിനെ സ്മാർട്ട് വില്ലേജാക്കുന്നതിന്റെ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.ഹരീന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ, കുന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജാഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസിന് 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് SILK എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. അപ്രകാരം കുന്നത്തുകാൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>വെള്ളറട വില്ലേജ് ഓഫീസ് കെട്ടിടം മുമ്പ് സ്ഥിതി ചെയ്തിരുന്ന സ്ഥലം സംബന്ധിച്ച് വനം വകുപ്പ് അവകാശം ഉന്നയിച്ചിട്ടുണ്ട്. ഈ തർക്കം പരിഹരിച്ച് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജാഫീസുകളായി ഉയർത്തുന്നത്; ആയതിലേക്കായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണ് ; വിശദാംശങ്ങൾ നൽകാമോ; | (ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസായി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് മുൻഗണനാ ക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജാഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജാഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |

| | |
|---|---|
| (സി) പരശുവയ്ക്കൽ വില്ലേജാഫീസിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്തുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) പരശുവയ്ക്കൽ വില്ലേജാഫീസ് സ്മാർട്ട് വില്ലേജാഫീസാക്കി ഉയർത്തുന്നതിന് ഫണ്ടും ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പരശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ